പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1881 — 17.06.2013-ൽ മറുപടിക്ക്.

# അരൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അരൂർ പോലീസ് സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണെന്നുള്ള വിവരം അറിയാമോ ; പ്രസ്തുത കെട്ടിടം വലിയ അപകടം ഉണ്ടാകാവുന്ന നിലയിൽ ജീർണ്ണിച്ച് നില്ക്കുകയാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്ഥലത്തിന് മന്ത്രിസഭ അനുവാദം നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) പ്രസ്തുത സ്ഥലത്ത് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന പോലീസ് ചീഫിന് നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് നിർമ്മിക്കുന്നതിനുള്ള പണം അനുവദിച്ച് എത്രയും വേഗം ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) & (സി)<br><br>ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ അരൂർ വില്ലേജിൽ സർവ്വേ നമ്പർ:36/08-ൽ ഉൾപ്പെട്ട 24 സെന്റ് സ്ഥലം അരൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ടു തരുന്നതിന് അരൂർ ഗ്രാമപഞ്ചായത്ത് സമ്മതിച്ചിരുന്നു. പ്രസ്തുത സ്ഥലം അരൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി, പരിവർത്തനപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറി നൽകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ടി സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറിക്കിട്ടുന്ന മുറയ്ക്ക് അരൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ